# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **24.07.2021** മുതൽ **28.07.2021**വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി. 59/2021 | തീയ്യതി: 23/07/2021 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 73.4 | 28.0 – 29.5 | 23.5 – 24.5 | 78 - 100 | 3.5 – 5.0 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 24-07-2021 | 25-07-2021 | 26-07-2021 | 27-07-2021 | 28-07-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 26 | 15 | 20 | 25 | 16 |
| കൂടിയ താപനില, °C | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 12 | 10 | 8 | 8 | 10 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 270 | 250 | 270 | 290 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| പൊതു നിർദ്ദേശങ്ങൾ | **മിതമായ മഴ ലഭിക്കും. ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തിയേറിയ മഴയുണ്ടായേക്കും.**<br><br>കനത്ത മഴയ്ക്ക് ശേഷം മലയോര മേഖലകളിൽ മേൽ മണ്ണിൽ നിന്നും സൂക്ഷ്മമൂലകങ്ങൾ നഷ്ടമാവാൻ സാധ്യത ഏറെയാണ്. വാഴ, പച്ചക്കറികൾ എന്നിവയെ ഇത് സാരമായി ബാധിക്കും. ലക്ഷണങ്ങൾ തുടക്കത്തിൽ തന്നെ കണ്ടെത്തി പരിഹരിച്ചു വിളകളുടെ ആരോഗ്യം നിലനിർത്തുക. ഓർക്കുക, ആരോഗ്യമുള്ള വിളകൾക്ക് മാത്രമേ പോഷക സമൃദ്ധമായ വിളവ് സാധ്യമാവുകയുള്ളൂ. |

| | | | |
|---|---|---|---|
| നെല്ല് | പറിച്ചു നട്ടയിടങ്ങൾ | ഓല ചുരുട്ടി പുഴു  | ഓല ചുരുട്ടി പുഴു ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പു വലിച്ചു ഓലചുരുളുകൾ തുറക്കുക.<br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ഫ്ലൂബാൻ ഡൈ അമൈഡ് 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കുക. |
| മഞ്ഞൾ | വിവിധ ഘട്ടം | തണ്ടുതുരപ്പൻ  | ഏതെങ്കിലും വേപ്പധിഷ്ഠിത കീടനാശിനി 4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക<br>അല്ലെങ്കിൽ<br>ഫ്ലൂബെൻഡയാമൈഡ് 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒരാഴ്ച ഇടവേളയിൽ 2-3 തവണ തളിച്ചു കൊടുക്കുക. |
| ഇഞ്ചി | ഇഞ്ചി പ്രാരംഭ വളർച്ചാഘട്ടം | തണ്ടുതുരപ്പൻ  | ഏതെങ്കിലും വേപ്പധിഷ്ഠിത കീടനാശിനി 4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക<br>അല്ലെങ്കിൽ<br>ഫ്ലൂബെൻഡയാമൈഡ് 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒരാഴ്ച ഇടവേളയിൽ 2-3 തവണ തളിച്ചു കൊടുക്കുക. |
| വെള്ളരിവർഗ്ഗ വിളകൾ | വളർച്ചാ ഘട്ടം | മൊസൈക് രോഗം  | വിശ്വാസയോഗ്യമായ സ്ഥലങ്ങങ്ങളിൽ നിന്ന് മാത്രം വിത്തുകൾ വാങ്ങുക. രോഗം പരത്തുന്ന കീടങ്ങളെ നിയന്ത്രിക്കാൻ വേപ്പധിഷ്ഠിത കീടനാശിനി (4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| വാഴ | വിവിധ ഘട്ടം (നേന്ത്രൻ വാഴ ) | കാത്സ്യത്തിന്റേയും മെഗ്നീഷ്യത്തിന്റേയും കുറവ്<br> | 250 ഗ്രാം വീതം കുമ്മായം 4 തവണ മാസ ഇടവേളകളിൽ വളം ചേർക്കുന്നതിന് രണ്ടാഴ്ച മുമ്പേ തടത്തിൽ ചേർക്കുക. കൂടാതെ മെഗ്നീഷ്യം സൾഫേറ്റ് 50 ഗ്രാം വീതം രണ്ടു തവണ മൂന്നു മാസത്തെ ഇടവേളയിൽ നൽകുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി